GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 25/10/2026

1. ഖാദി & വില്ലേജ് ഇൻഡസ്ട്രിസ് കമ്മീഷൻ (KVIC) തൃശ്ശൂർ സ്റ്റൈപെന്റോടുകൂടി ഒരു മാസത്തെ തേനീച്ച വളർത്തൽ സർട്ടിഫിക്കറ്റ് പരിശീലനം KVIC Multi Disciplinary Training Centre, നാടത്തറ പി.ഒ., തൃശ്ശൂരിൽ സംഘടിപ്പിക്കുന്നു.

പരിശീലന വിവരങ്ങൾ

2026 നവംബർ 2 മുതൽ 1 മാസക്കാലം

സമയം: രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 വരെ

പ്രായപരിധി: 18-45 വയസ്സ്

രജിസ്ട്രേഷൻ ഫീസ്: ₹50.

രജിസ്ട്രേഷനും വിവരങ്ങൾക്കും - 8330041363 , 0487 2370681 എന്നീ നമ്പരുകളിൽ എന്നീ നമ്പരുകളിൽ (രാവിലെ 9:30 മുതൽ വൈകുന്നേരം 5 വരെ) ബന്ധപ്പെടാവുന്നതാണ്.

2. കേരള കാർഷിക സർവകലാശാലയുടെ (KAU) അഗ്രി ബിസിനസ് ഇൻകുബേറ്റർ, തൃശ്ശൂർ വെള്ളാനിക്കരയിൽ വെച്ച് ഒക്ടോബർ 26 മുതൽ 28 വരെ മൂന്ന് ദിവസത്തെ പ്രായോഗിക പരിശീലന ത്തോടെയുള്ള (hands-on) 'ഡ്രോൺ പൈലറ്റ് ഇന്റേൺഷിപ്പ് പ്രോഗ്രാം' സംഘടിപ്പിക്കുന്നു.

താല്പര്യമുള്ളവർ 0487 2438332 , 91 90745 23047 എന്നീ നമ്പരുകളിൽ (രാവിലെ 9:00 മുതൽ വൈകുന്നേരം 4:00 വരെ) ബന്ധപ്പെടാവുന്നതാണ്.

3. വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരള (VFPCK) യിൽ VHSE ഇന്റേൺസ് തസ്തികയിലേക്ക് നിയമനം

നടത്തുന്നതിനായി യോഗ്യരായ ഉദ്യോഗാർഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ഒക്ടോബർ 26 ന് രാവിലെ 11 മണിക്ക് തിരുമല ഷോപ്പിംഗ് കോംപ്ലക്സിൽ വെച്ച് നടത്തുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കേണ്ടതാണ്. പ്രതിമാസ പ്രതിഫലം 10,000/- രൂപ, നിയമന കാലാവധി 1 വർഷം. താൽപര്യമുള്ള ഉദ്യോഗാർഥികൾ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, ബയോഡാറ്റ മറ്റ് അനുബന്ധ രേഖകൾ എന്നിവയുടെ അസ്സലും പകർപ്പുകളും സഹിതം നിശ്ചിത സമയത്ത് ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണ്.

4. കൊട്ടാരക്കര കില CSED ൽ ഒക്ടോബർ 29 മുതൽ 31 വരെ ആട് വള ർത്തലിൽ സൗജന്യ പരിശീലനം നൽകുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ,പത്തനംതിട്ട ജില്ലകളിൽ നിന്നുള്ളവർക്ക് പങ്കെടുക്കാം. രജിസ്ട്രേഷനായി **7012644256 എന്ന നമ്പരിൽ ബന്ധപ്പെടുക**

5. വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കൈറ്റ് വെള്ളായണി-ൽ ഒക്ടോബർ 27ന് **'തെങ്ങ് കൃഷി നടീലും പരിപാലന രീതികളും'** എന്ന വിഷയത്തിലും, ഒക്ടോബർ 31 ന് **'മൈക്രോഗ്രീൻ കൃഷി'** എന്ന വിഷയത്തിലും നടത്തുന്ന ഏകദിന പരിശീലന പരിപാടിയിലേക്ക്

അപേക്ഷ ക്ഷണിച്ചു. താല്പര്യമുള്ളവർ 8891540778 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ വിളിച്ചു രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓരോ പരിശീലന പരിപാടിക്കും ₹500/- രൂപ വീതമാണ് രജിസ്ട്രേഷൻ ഫീസ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക.

6. ക്ഷീര വികസന വകുപ്പിന്റെ തിരുവനന്തപുരം, വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാം പരിശീലന കേന്ദ്രത്തിൽ വച്ച് ഒക്ടോബർ 29, 30 തീയതികളിൽ "തീറ്റപ്പുൽകൃഷി വികസനവും സൈലേജ് നിർമ്മാണവും" എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് - 20/-രൂപ. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽര്യമുളളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9400058641 / 9388834424 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.